**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5363** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ലക്ഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഓരോ കളിക്കളം വീതം നിർമ്മിക്കുന്നതിനും അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. വിവിധ ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ കായികവും ശാരീരികവും മാനസികവുമായ വികാസത്തിനുള്ള സൗകര്യം ഒരുക്കുക എന്നത് സാമൂഹികമായി നിലവിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന മേഖലയായി നോക്കികാണുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് 'ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി'. പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി പ്രാദേശിക ജനതയുടെ ആവശ്യാനുസരണം കായിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച നൽകുകയാണ് ചെയ്യുന്നത്.<br><br>നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർകോർട്ട്, മാനസിക, ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷവും കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മൾട്ടി |

| | | | |
|---|---|---|---|
| | | | ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം തുടങ്ങിയവയാണ്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. ഈ പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ തുടരുന്നുണ്ടോ; എങ്കിൽ 2024-25 വർഷത്തിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>"ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 124 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. ഫണ്ട് ലഭ്യമാകുകയും തുടർന്ന് സംയുക്തഭരണാനുമതി നൽകുകയും ചെയ്ത പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കായികയുവജനകാര്യ ഡയറക്ടർ സംയുക്തഭരണാനുമതി നൽകിയ 67 പ്രവൃത്തികളിൽ 61 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 59 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 54 പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയുമാണ്. 1 പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകുകയും, 2 പ്രവൃത്തികളുടെ ദർഘാസ് സൂക്ഷ്മ പരിശോധനയിലുമാണ്. 2 പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2 കളിക്കളങ്ങളുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തികവർഷത്തിൽ പദ്ധതിയുടെ രണ്ടാം ഘട്ടമായി 8 പ്രവൃത്തികൾ കൂടി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലൂടെ ഫണ്ട് അനുവദിച്ച കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല.<br><br>പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ